# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ഏപ്രിൽ 09**

**APRIL 09**

**2019**

*1194 മീനം 26* **ചൊവ്വ**

# പത്രക്കുറിപ്പ് 1



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## ലോക്സഭാ തെരഞ്ഞെടുപ്പ്: കാസർകോട് ജില്ലയിൽ സമാധാനന്തരീക്ഷമെന്ന് തെരഞ്ഞെടുപ്പ് നിരീക്ഷകർ

രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെയും യോഗം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്നു. ജില്ലയിലെ പൊതുനിരീക്ഷകൻ എസ്.ഗണേഷ്, പോലിസ് നിരീക്ഷൻ ഓംപ്രകാശ് ത്രിപാഠി, ചെലവ് നിരീക്ഷികൻ പ്രമോദ് കുമാർ എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാവരണാധികാരി കൂടിയായ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബുവിന്റെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ നിന്ന് ഇതുവരെ ലഭിച്ച റിപ്പോർട്ടുകൾ തൃപ്തികരമാണെന്ന് നിരീക്ഷകർ വിലയിരുത്തി. സ്വതന്ത്രവും നിതീപൂർവവും സുതാര്യവും സമാധാനപരവുമായ തെരഞ്ഞെടുപ്പ് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും സഹകരിക്കണം. നിലവിൽ ജില്ല

യിലുള്ളത് സമാധാന അന്തരീക്ഷമാണ്. അത് നിലനിർത്തണം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എന്തു പരാതികളുണ്ടെങ്കിലും സ്ഥാനാർഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ജനങ്ങൾക്കും അതാത് നിരീക്ഷകരെ അറിയിക്കാമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും നിരീക്ഷകർ പറഞ്ഞു.

പൊതുവായ പരാതികൾ പൊതുനിരീക്ഷികനെ അറിയിക്കാം. എല്ലാ ദിവസവും വൈകീട്ട് നാലിനും 5.30നും ഇടയിൽ സിപിസിആർഐ ക്യാമ്പസിലെ ചന്ദ്രഗിരി റസ്റ്റ് ഹൗസിലെത്തി പൊതുജനങ്ങൾക്കും സ്ഥാനാർത്ഥികൾക്കും നേരിട്ടും പരാതികൾ അറിയിക്കാം. ഫോൺ: 6238805690, 9188619593. ഇ-മെയിൽ വിലാസം- genobsksd@gmail.com

സുരക്ഷാ സംബന്ധമായ പരാതികൾക്ക് പോലീസ് നിരീക്ഷകൻ ഓംപ്രകാശ് ത്രിപാഠിയെയും അറിയിക്കാം. ഫോൺ:8330896690. അടുത്തുള്ള പോലീസ് സ്റ്റേഷനിലും 1950 എന്ന നമ്പറിലും വിളിച്ചു പറയാം.

തെരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും ചെലവ് നിരീക്ഷൻ പ്രമോദ് കുമാറിനെ അറിയിക്കാം. ഫോൺ: 80782 44690, 6238818193. സ്ഥാനാർഥികളോ ഏജന്റുമാരോ നിശ്ചിത മാതൃകയിൽ ദിനംപ്രതി വരവു-ചെലവുകൾ എഴുതി സൂക്ഷിക്കണം. ചെലവു നിരീക്ഷക സമിതി മുമ്പാകെ ഇത് ഹാജരാക്കുകയും വേണം.

യോഗത്തിൽ ജില്ലാ പോലീസ് മേധാവി ജെയിംസ് ജോസഫ്, സബ് കളക്ടർ അരുൺ.കെ വിജയൻ, എഎസ്പി:ഡി.ശില്പ, ഉപവരണാധികാരികൾ, സ്ഥാനാർഥികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## പോളിങ് ബൂത്തിൽ മൊബൈൽഫോൺ അനുവദിക്കില്ല; ബൂത്ത് ഏജന്റുമാർക്ക് മൂവ്മെന്റ് രജിസ്റ്റർ

ലോക്സഭാ തെരഞ്ഞെടുപ്പ് ദിവസം പോളിങ് ബൂത്തിന് 100 മീറ്റർ പരിധിയിൽ മൊബൈൽഫോൺ ഉപയോഗിക്കാൻ അനുവദിക്കില്ലെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു അറിയിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനമാണിത്. വോട്ട് ചെയ്യാനെത്തുന്നവരെയും ബൂത്ത് ഏജന്റുമാരെയും മൊബൈൽഫോണുമായി ബൂത്തിനകത്തേക്ക് കയറ്റിവിടില്ലെന്നും ജില്ലാ വരണാധികാരി അറിയിച്ചു. രാഷ്ട്രീയ പാർട്ടികളുടെയും സ്ഥാനാർഥികളുടെയും യോഗത്തിലാണ് കളക്ടർ ഇക്കാര്യം വ്യക്തമാക്കിയത്.

രാഷ്ട്രീയ പാർട്ടികളുടെ ബൂത്ത് ഏജന്റുമാർക്ക് ഇത്തവണ മൂവ്മെന്റ് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ട്. ഏജന്റുമാർ പോളിങ് ബൂത്തിലേക്കു വരുന്നതും പോകുന്നതും ഈ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

## അന്ധർക്കും അവശർക്കും സഹായിയെ അനുവദിക്കും

അന്ധരും അവശരുമായവർക്ക് വോട്ട് ചെയ്യുന്നതിന് ഒരു സഹായിയുടെ സേവനം അനുവദിക്കും. സഹായിക്ക് 18 വയസ് പൂർത്തിയായിരിക്കണം. ഒരാളെ ഒന്നിൽ കൂടുതൽപേർക്ക് സഹായിയായി പ്രവർത്തിക്കാൻ അനുവദിക്കില്ല. സഹായിയുടെ വലതുകയ്യിലെ ചൂണ്ടുവിരലിൽ മഷിയടയാളം പുരട്ടും.

## 71 ബൂത്തുകളിൽ മൈക്രോ ഒബ്സർവർമാർ

ജില്ലയിലെ 71 ബൂത്തുകളിൽ പ്രത്യേക പരിശീലനം ലഭിച്ച മൈക്രോ ഒബ്സർവർമാരെ നിയമിച്ചിട്ടുണ്ട്. വോട്ടെടുപ്പ് കഴിയുന്നതുവരെ ഇവർ ബൂത്തുകളിലുണ്ടാകും. പ്രശ്നബാധിതമായ 43 ബൂത്തുകൾ പൊതുനിരീക്ഷന്റെ നിയന്ത്രണത്തിലാകും. ഇവിടെ ഓൺലൈൻ വെബ് കാമറകൾ സ്ഥാപിക്കും. കളക്ടറേറ്റിൽ സജ്ജമാക്കിയ കൺട്രോൾ റൂമിൽ പൊതുനിരീക്ഷനും ജില്ലാ വരണാധികാരിയും ഈ ബൂത്തുകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കും. എന്തു പ്രശ്നവും നേരിടാൻ ശക്തമായ സുരക്ഷയും ഒരുക്കിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്:മീറ്റിംഗ് കളക്ടർ:-*** ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും സ്ഥാനാർത്ഥികളുടെയും യോഗത്തിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു സംസാരിക്കുന്നു. ചെലവ് നിരീക്ഷകൻ പ്രമോദ് കുമാർ, പോലിസ് നിരീക്ഷൻ ഓംപ്രകാശ് ത്രിപാഠി, പൊതുനിരീക്ഷകൻ എസ്.ഗണേഷ്, ജില്ലാ പോലീസ് മേധാവി ജെയിംസ് ജോസഫ് എന്നിവർ സമീപം.

***മീറ്റിംഗ് കളക്ടർ:-*** ജില്ലാ കളക്ടറുടെ ചേംബറിൽ തെരഞ്ഞെടുപ്പ് നിരീക്ഷരുടെ സാന്നിധ്യത്തിൽ നടന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും സ്ഥാനാർത്ഥികളുടെയും യോഗം.

## ഭിന്നശേഷിക്കാർക്ക് വോട്ട് ചെയ്യുന്നതിന് സൗകര്യമൊരുക്കൽ; 12 കോഡിനേറ്റർമാരെ നിയമിച്ചു

ലോക്സഭാ തെരഞ്ഞെടുപ്പിൽ ജില്ലയിലെ മുഴുവൻ ഭിന്നശേഷിക്കാർക്കും വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നിയമസഭാ മണ്ഡലാ

ടിസ്ഥാനത്തിൽ 12 കോഡിനേറ്റർമാരെ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു നിയമിച്ചു. ഭിന്നശേഷിക്കാരെ വോട്ടെടുപ്പ് ദിവസം പോളിങ് ബൂത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്നതാണ് ഇവരുടെ ചുമതല.

മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ കോഡിനേറ്റർമാരായി മഞ്ചേശ്വരം ശിശുവികസന പദ്ധതി ഓഫീസർ എസ് സുധാമണിയേയും (9447161577, 8281999355) മഞ്ചേശ്വരം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ കെ.രേഖയേയും (8388517763) നിയമിച്ചു. കാസർകോട് നിയോജക മണ്ഡലത്തിൽ കാസർകോട് ശിശുവികസന പദ്ധതി ഓഫീസർ എൻ എസ് സന്ധ്യയെയും (9447088307, 8281999352) കാസർകോട് അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ എം.നിഷയെയും ( 8111847338) കാറഡുക്ക ശിശുവികസന പദ്ധതി ഓഫീസർ എ.പി ശോഭനയെയും ( 9447567679) കോർഡിനേറ്റർമാരായി നിയമിച്ചു. ഉദുമ നിയോജക മണ്ഡലത്തിൽ കോഡിനേറ്റർമായി കാറഡുക്ക അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ കെ.ജെ സയാഹനയെയും (9288194914, 8281999354) കാഞ്ഞങ്ങാട് അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ എസ് ശൈലജയെയും (9446249754) നിയമിച്ചു.കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പരപ്പ അഡീഷണൽ ശിശുവികസന ഓഫീസർ സി ദിവ്യയെയും (7907036256, 8281999356) പരപ്പ ശിശുവികസന ഓഫീസർ ജെ.ഷിബിലെയും (9961629054) കാഞ്ഞങ്ങാട് ശിശുവികസന പദ്ധതി ഓഫീസർ എൽ ബിജിയെയും (9497779778) കോർഡിനേറ്റർമാരായി നിയമിച്ചു. തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ നീലേശ്വരം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ എൽ. ലക്ഷ്മിയെയും (9656714320, 8281999349) നീലേശ്വരം ശിശുവികസന പദ്ധതി ഓഫീസർ എ ജയശ്രീയെയും (9744868258, 8281999359) കോഡിനേറ്റർമാരായി നിയമിച്ചു.

## പോളിങ് ജീവനക്കാർക്ക് രണ്ടാംഘട്ട പരിശീലനം;

## നിയമന ഉത്തരവിൽ മാറ്റം അനുവദിക്കില്ല

ലോക്സഭാ തെരഞ്ഞെടുപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള പോളിങ് ജീവനക്കാർക്കുള്ള രണ്ടാംഘട്ട പരിശീലനം ഏപ്രിൽ 11, 12, 16, 17 തീയതികളിലായി ചന്ദ്രഗിരി കെ എസ് ടി പി റോഡിലുള്ള ചെമ്മനാട് ജമാഅത്ത് ഹയർ സെക്കഡറി സ്കൂളിൽ നടക്കുമെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു അറിയിച്ചു. നിയമന ഉത്തരവിൽ നിർദ്ദേശിച്ചുള്ള ദിവസവും സമയത്തും തന്നെ പരിശീലന ക്ലാസിൽ ഉദ്യോഗസ്ഥർ പങ്കെടുക്കണം. അതിൽ മാറ്റമുണ്ടാകില്ല.

ഒരു പോളിങ് ബൂത്തിൽ പ്രിസൈഡിങ്ങ് ഓഫീസർ, ഫസ്റ്റ് പോളിങ് ഓഫീസർ, സെക്കന്റ് പോളിങ് ഓഫീസർ, തേഡ് പോളിങ് ഓഫീസർ എന്നിങ്ങനെ നാലു

ജീവനക്കാരെയാണ് നിയമിക്കുന്നത്. ഒന്നാം ഘട്ട പരിശീലനത്തിൽ നിന്നും വ്യത്യസ്തമായി ഒരു പോളിങ് ബൂത്തിലേക്ക് നിയമിക്കുന്ന ടീമിന് ഒരുമിച്ചാണ് ഇത്തവണത്തെ പരിശീലനം. ടീമിന് ഏത് നിയമസഭാ മണ്ഡലത്തിലാണ് ഡ്യൂട്ടി എന്നറിയാനാവുമെങ്കിലും ഏത് ബൂത്താണ് എന്നത് തെരഞ്ഞെടുപ്പിന്റെ തലേ ദിവസമെ അറിയാനാവുകയുള്ളു. രാവിലെ 9.30 നും ഉച്ചയ്ക്ക് 1.30 നുമായി വ്യത്യസ്ത സെഷനുകളിൽ ക്ലാസ് നടത്തും.

## ഇലക്ട്രോണിക് വോട്ടിങ് മെഷീൻ കമ്മീഷണിങ്: പരിശീലന ക്ലാസ് സംഘടിപ്പിച്ചു

ഇലക്ട്രോണിക് വോട്ടിങ് മെഷീൻ കമ്മീഷണിങ്ങിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലനം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു ഉദ്ഘാടനം ചെയ്തു. ഇവിഎം മെഷീൻ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്നും എന്തെങ്കിലും തെറ്റ് പറ്റിയാൽ അത് തെരഞ്ഞെടുപ്പിനെ സാരമായി ബാധിക്കുമെന്നും കളക്ടർ പറഞ്ഞു. ഇവിഎം, കമ്മീഷണിങ്ങ് എന്നിവയെ കുറിച്ച് ട്രെയിനിംഗ് മാനേജ്മെന്റ് നോഡൽ ഓഫീസർ കെ വിനോദ് കുമാർ ക്ലാസ് എടുത്തു.

ബാലറ്റ് പേപ്പർ ഇ വി എം മെഷീനിൽ എങ്ങനെ സെറ്റ് ചെയ്യും എന്നതിനെ കുറിച്ചും ഇ വി എം വിവിപാറ്റുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുയെന്നും വെള്ളരിക്കുണ്ട് ഹെഡ്ക്വാട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ പി വി മുരളി ഉദ്യോഗസ്ഥർക്ക് വിശദീകരിച്ചു നൽകി.

തൃക്കരിപ്പൂർ നിയമസഭാ മണ്ഡലത്തിലെ ഉപവരണാധികാരിയും ഡെപ്യൂട്ടി കളക്ടറും (ആർ ആർ) ആയ പി ആർ രാധിക, വെള്ളരിക്കുണ്ട് തഹസിൽദാർ പി കുഞ്ഞിക്ക ണ്ണൻ, വെള്ളരിക്കുണ്ട് താലൂക്ക് ഓഫീസർ ദിലീപ് കെ നായർ തുടങ്ങിയവർ പങ്കെടുത്തു.

## തൊഴിലധിഷ്ഠിത പരിശീലന പരിപാടി

ബി.ഇ / ബി.ടെക്, എംസിഎ, ഡിഗ്രി വിദ്യാർത്ഥിനി -വിദ്യാർത്ഥികൾക്കായി കെൽട്രോണിന്റെ നോളേജ് സെന്ററിൽ സോഫ്റ്റ് വെയർ - ഐ ടി പ്ലാറ്റ്ഫോമുകളിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടി ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോറത്തിനുമായി കെൽട്രോൺ നോളജ് സെന്റർ, അംബേദ്ക്കർ ബിൽഡിങ്, റെയിൽവേ

ലിങ്ക് റോഡ്, കോഴിക്കോട് എന്ന വിലാസത്തിൽ ബന്ധപ്പെടുക.ഫോൺ 8089245760

**തുടരും...**